**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1133** **11-02-2025 - ൽ മറുപടിയ്ക്ക്**

**ജനകീയ മത്സ്യ കൃഷി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജനകീയ മത്സ്യ കൃഷിക്കായി നടപ്പ സാമ്പത്തിക വർഷം എന്തു തുകയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്; | (എ) | മത്സ്യകൃഷി വികസന പദ്ധതിയ്ക്കായി നടപ്പ സാമ്പത്തിക വർഷത്തെ ബജറ്റിൽ 2405-00-101-54 OC (P) എന്ന ശീർഷകത്തിൽ 6750 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ശീർഷകത്തിലാണ് ജനകീയ മത്സ്യകൃഷി പദ്ധതി ഉൾപ്പെടുന്നത്. |
| (ബി) | എന്തു തുകയ്ക്കുള്ള ഭരണാനുമതിയാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സാമ്പത്തിക വർഷത്തെ ജനകീയ മത്സ്യകൃഷി പദ്ധതി നടത്തിപ്പിനായി 4751.13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | ജനകീയ മത്സ്യ കൃഷിയെന്ന ബൃഹത്തായ പദ്ധതിയുടെ നേട്ടം പ്രതീക്ഷിത അളവിൽ കർഷകർക്ക് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഗുണങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഫീൽഡ് തലത്തിൽ ഉൾപ്പെടെ വിലയിരുത്തകയും ആവശ്യമായ ഇടപെടലുകൾ നടത്തി വരുകയും ചെയ്യുന്നുണ്ട് . ജില്ലാതലത്തിൽ നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടോ എന്ന് മത്സ്യഭവൻതലം മുതൽ സംസ്ഥാനതലം വരെ വിലയിരുത്തപ്പെടുകയും ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ മുൻ വർഷത്തെ പോരായ്മകൾ തുടർ വർഷങ്ങളിലെ പ്രോജക്ടുകളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിച്ചു വരുകയും ചെയ്യുന്നുണ്ട്. ജനകീയ മത്സ്യക്കൃഷിയുടെ ലക്ഷ്യങ്ങളിൽ പ്രധാനമാണ് മത്സ്യ ഉല്പാദന വർദ്ധനവ്. ജനകീയ മത്സ്യ കൃഷി പദ്ധതിയിലൂടെ മത്സ്യകൃഷിയിൽ നിന്നുള്ള ഉൽപ്പാദനം 25081 മെട്രിക് ടണ്ണിൽ നിന്നും 40852 മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ പരിശോധിച്ച് കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ? | (ഡി) | ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഗുണങ്ങൾ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഫീൽഡ് തലത്തിൽ ഉൾപ്പെടെ വിലയിരുത്തകയും ആവശ്യമായ ഇടപെടലുകൾ നടത്തി വരുകയും ചെയ്യുന്നുണ്ട് . ജില്ലാതലത്തിൽ നൽകിയിട്ടുള്ള ഭൗതിക ലക്ഷ്യങ്ങൾ |

| | | | |
|---|---|---|---|
| | | | കൈവരിക്കുന്നുണ്ടോ എന്ന് മത്സ്യഭവൻതലം മുതൽ സംസ്ഥാനതലം വരെ വിലയിരുത്തപ്പെടുകയും ഉണ്ടാകുന്ന സാങ്കേതിക തടസ്സങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ മുൻ വർഷത്തെ പോരായ്മകൾ തുടർ വർഷങ്ങളിലെ പ്രോജക്ടുകളിൽ പരിഹരിക്കുന്നതിന് ശ്രദ്ധിച്ചു വരുകയും ചെയ്യുന്നുണ്ട്. ജനകീയ മത്സ്യകൃഷിയുടെ ലക്ഷ്യങ്ങളിൽ പ്രധാനമാണ് മത്സ്യ ഉല്പാദന വർദ്ധനവ്. ജനകീയ മത്സ്യ കൃഷി പദ്ധതിയിലൂടെ മത്സ്യകൃഷിയിൽ നിന്നുള്ള ഉൽപ്പാദനം 25081 മെടിക് ടണ്ണിൽ നിന്നും 40852 മെടിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ